25960/ഭരണ-II(2)/2018/നിയമം　　　　　　　　നിയമ (ഭരണ II) വകുപ്പ്

# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 2784　07/12/2018 ൽ മറുപടിക്ക്**

**<u>നിയമ വകുപ്പിലെ ലീഗൽ അസിസ്റ്റന്റ് ഗ്രേഡ്-2</u>**

| ചോദ്യം: | ഉത്തരം: |
|---|---|
| **ശ്രീ. റോഷി അഗസ്റ്റിൻ** | **ശ്രീ. എ.കെ. ബാലൻ**<br>**പട്ടികജാതി, പട്ടിക വർഗ്ഗ, പിന്നാക്കക്ഷേമ, സാംസ്കാരിക, നിയമ, പാർലമെന്ററി കാര്യ വകുപ്പ് മന്ത്രി** |

| | | |
|---|---|---|
| (എ) | നിയമ വകുപ്പിലെ ലീഗൽ അസിസ്റ്റന്റ് ഗ്രേഡ്-2 തസ്തികയിലേക്ക് 04/06/2016 ന ശേഷമുള്ള പുതിയ ഒഴിവുകൾ പി. എസ്.സി. ക്ക് റിപ്പോർട്ട് ചെയ്യാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയതിന്മേൽ എന്ത് നടപടി സ്വീകരിച്ചു; | ലീഗൽ അസിസ്റ്റന്റ് ഗ്രേഡ്-2 തസ്തികയിലേക്ക് 5 പുതിയ ഒഴിവുകൾ 30/11/2018 തീയതിയിൽ കേരള പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്തിട്ടുള്ളതാണ്. കൂടാതെ, പുതുതായി ഉണ്ടായിട്ടുള്ള 3 ഒഴിവുകൾ കൂടി റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടി പുരോഗമിക്കുന്നുണ്ട്. |
| (ബി) | നിയമ വകുപ്പിൽ 04/06/2016 ന ശേഷം 31/10/2018 വരെ റിട്ടയർമെന്റ്, പ്രമോഷൻ, ഡെപ്യൂട്ടേഷൻ, പോസ്റ്റ് ക്രിയേഷൻ എന്നിവ വഴി എത്ര ഒഴിവുകൾ ഉണ്ടായിട്ടുണ്ട്; തസ്തിക തിരിച്ചുള്ള വിവരം ലഭ്യമാക്കുക; | ലീഗൽ അസിസ്റ്റന്റ് ഗ്രേഡ്-2 തസ്തികയിൽ ഉണ്ടായ 5 ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 04/06/2016 ന ശേഷം റിട്ടയർമെന്റ്, പ്രമോഷൻ, ഡെപ്യൂട്ടേഷൻ, പോസ്റ്റ് ക്രിയേഷൻ എന്നിവ മൂലം ഉയർന്ന തസ്തികകളിൽ ഒഴിവുകൾ ഉണ്ടായെങ്കിലും, താൽക്കാലിക മജിസ്ട്രേട്ട് തസ്തികയിൽ നിന്നും ജീവനക്കാർ മടങ്ങിവന്നതുമൂലവും, കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ, കേരള വാട്ടർ അതോറിട്ടി, കേരള സ്റ്റേറ്റ് ഹൗസിംഗ് ബോർഡ് മുതലായ സ്ഥാപനങ്ങളിൽ നിന്നും ജീവനക്കാർ |

| | | |
|---|---|---|
| | | മടങ്ങിവന്നതുമൂലവും ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ നിർദ്ദേശ പ്രകാരം ഒഴിവുകൾ കൂടുതലായി റിപ്പോർട്ട് ചെയ്യേണ്ടി വന്നതിനാലും, ഡെപ്യൂട്ടേഷൻ കാലാവധി പൂർത്തിയായ ശേഷം ജീവനക്കാർ തിരികെ വന്നതു കാരണവും റിട്ടയർമെന്റ്, പ്രമോഷൻ, ഡെപ്യൂട്ടേഷൻ, പോസ്റ്റ് ക്രിയേഷൻ എന്നിവ മൂലം ലീഗൽ അസിസ്റ്റന്റ് ഗ്രേഡ്-2 തസ്തികയിൽ ഒഴിവ് ഉണ്ടായിട്ടില്ല. |
| (സി) | പി & എ.ആർ.ഡി. യുടെ സർക്കുലറുകൾ 4185/Adv C3/ 2009/P&ARD, dated 01.06.2009, 104/Adv C3/2016/ P&ARD, dated 17/08/2016 എന്നീ സർക്കുലറുകൾ പ്രകാരം 04/06/2016 ന് ശേഷമുള്ള എല്ലാ ലീഗൽ അസിസ്റ്റന്റ് ഗ്രേഡ്-2 ഒഴിവുകളും പി.എസ്. സി.ക്ക് റിപ്പോർട്ട് ചെയ്യാൻ നിർദ്ദേശം നൽകുമോ; | നിയമ വകുപ്പിലെ ലീഗൽ അസിസ്റ്റന്റ് ഗ്രേഡ്-2 തസ്തികയിൽ ഉണ്ടായ 5 ഒഴിവുകൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷന് 30/11/2018 തീയതിയിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 3 ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. |
| (ഡി) | സ്റ്റേറ്റ് ലിറ്റിഗേഷൻ പോളിസിയുടെ ഭാഗമായി സർക്കാരിന്റെ ജി.ഒ.(പി) നം. 12/2012/Law Dated 12/06/2012 നമ്പർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ നിയമ പരിശോധനാ വിഭാഗം ലോ (നോഡൽ) ഓഫീസർമാരുടെ അഭാവം കണ്ടെത്തിയ വകുപ്പുകളുടെ എണ്ണമെത്ര; ഇവിടെയെല്ലാം ലോ (നോഡൽ) ഓഫീസറെ നിയമിക്കാൻ നടപടി സ്വീകരിക്കുമോ; | സ്റ്റേറ്റ് ലിറ്റിഗേഷൻ പോളിസി കാര്യക്ഷമമായി നടപ്പിലാക്കുന്നതിനും സർക്കാർ കക്ഷിയായിട്ടുള്ള വ്യവഹാരങ്ങൾ മോണിറ്റർ ചെയ്യുന്നതിനുമായി നിയമ (നോഡൽ) ഓഫീസർമാരെ നിയമിച്ചിട്ടില്ലാത്ത 17 ഡയറക്ടറേറ്റുകൾ/ വകുപ്പുകൾ ഉണ്ട്. പ്രസ്തുത വകുപ്പുകളിൽ നിയമ (നോഡൽ) ഓഫീസർമാരെ നിയമിക്കേണ്ടതിന്റെ ആവശ്യകത പരിശോധിച്ച് പ്രസ്തുത വകുപ്പുകളിൽ നിന്നു അതാതു ഭരണ വകുപ്പുകളുടെ ശിപാർശ ലഭിക്കുന്ന മുറക്കു മാത്രമേ നിയമ വകുപ്പിൽ നടപടി സ്വീകരിക്കാൻ കഴിയൂ. |
| (ഇ) | ലീഗൽ അസിസ്റ്റന്റ് റാങ്ക് ലിസ്റ്റിൽ നിന്നും കേരള ലീഗൽ സർവ്വീസ് അതോറിട്ടിയിലും മറ്റു അനുബന്ധ സ്ഥാപനങ്ങളിലും | കേരള സംസ്ഥാന ലീഗൽ സർവ്വീസസ് അതോറിറ്റിയിലേക്കും അനുബന്ധ സ്ഥാപനങ്ങളിലേക്കും ലീഗൽ അസിസ്റ്റന്റ് റാങ്ക് ലിസ്റ്റിൽ നിന്നും നേരിട്ട് നിയമനം നടത്തുവാൻ |

<table>
<tr>
<td></td>
<td>പി & എ.ആർ.ഡി. സമർപ്പിച്ച പഠന റിപ്പോർട്ടുകൾ പ്രകാരം സെക്രട്ടറി/ അസിസ്റ്റന്റ് തസ്തികയിലേക്ക് ഒഴിവുകൾ നികത്താൻ നടപടി സ്വീകരിക്കുമോ;</td>
<td>നിലവിലെ വ്യവസ്ഥകൾ പ്രകാരം സാധ്യമല്ല. പി ആൻഡ് എ.ആർ. വകുപ്പ് സമർപ്പിച്ച പഠന റിപ്പോർട്ട് സർക്കാർ പരിശോധിച്ചുവരുന്നു.</td>
</tr>
<tr>
<td>(എഫ്)</td>
<td>കേരള സ്റ്റേറ്റ് ലീഗൽ സർവ്വീസ് അതോറിട്ടിയിലും അനുബന്ധ സ്ഥാപനങ്ങളിലും ലീഗൽ അസിസ്റ്റന്റ് തസ്തികയ്ക്ക് സമാനമായി, ഡെപ്യൂട്ടേഷനിൽ ജോലി ചെയ്യുന്ന എത്ര തസ്തികകൾ ഉണ്ട് എന്ന് വ്യക്തമാക്കുമോ?</td>
<td>ലീഗൽ അസിസ്റ്റന്റ് തസ്തികയ്ക്ക് സമാനമായി ലീഗൽ സർവ്വീസസ് സ്ഥാപനങ്ങളിൽ അന്യത്ര സേവന വ്യവസ്ഥയിൽ കെൽസ നിയമനം നടത്തുന്ന തസ്തികകൾ ചുവടെ പറയുന്നു.
<table>
<tr><th>സ്ഥാപനം</th><th>തസ്തിക</th><th>എണ്ണം</th></tr>
<tr><td>കെൽസ ആസ്ഥാനം</td><td>അസിസ്റ്റന്റ്</td><td>4</td></tr>
<tr><td>എ.ഡി.ആർ. സെന്റർ, ഹൈക്കോടതി</td><td>അസിസ്റ്റന്റ്</td><td>2</td></tr>
<tr><td>എ.ഡി.ആർ. സെന്റർ, ജില്ലാ കേന്ദ്രം</td><td>ക്ലർക്ക്</td><td>16</td></tr>
<tr><td>താലൂക്ക് ലീഗൽ സർവ്വീസസ് കമ്മിറ്റി</td><td>സെക്രട്ടറി</td><td>62</td></tr>
<tr><td colspan="2">ആകെ</td><td>84</td></tr>
</table>
</td>
</tr>
</table>

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ